അണ കെട്ടുന്നതോ പൊട്ടുന്നതോ പ്രശ്നം?

**പൈപ്പിൽ വെള്ളം വന്നില്ലെങ്കിൽ വാട്ടർ അതോറിറ്റിക്ക് മുന്നിൽ കുടവുമെടുത്ത് സമരം ചെയ്യുന്നിടത്ത് അവസാനിക്കുന്നു കേരളീയരുടെ ജലരാഷ്ട്രീയം. ജലസ്രോതസ്സുകൾ നഷ്ടപ്പെട്ടാൽ വാട്ടർ അതോറിറ്റിക്കും വെള്ളം തരാൻ കഴിയില്ല എന്ന കാര്യത്തിലേക്ക് നമ്മുടെ ചിന്ത പോകുന്നില്ല. നമ്മുടെ രാഷ്ട്രീയം അജൈവമാണ്. മുല്ലപ്പെരിയാർ വിഷയത്തിലെ കേരളത്തിലെ ഇടപെടലുകളിൽ അതാണ് പ്രതിഫലിക്കുന്നതെന്ന്**

**സി.ആർ. നീലകണ്ഠൻ**

# ജലസാക്ഷരതയില്ലാത്ത കേരളം

കേരളീയർക്ക് ജലസാക്ഷരതയില്ലാത്തതിന്റെ പ്രശ്നമാണ് മുല്ലപ്പെരിയാറിൽ പ്രതിഫലിക്കുന്നത് എന്ന് താങ്കൾ പറയുകയുണ്ടായി. വെള്ളം എന്നുപറഞ്ഞാൽ ടാപ്പിലൂടെ വരുന്നത് മാത്രമാണെന്ന് ചിന്തിക്കുന്ന കേരളീയ സമൂഹത്തിന്റെ ജലത്തെക്കുറിച്ചുള്ള ആ അജ്ഞത മുതലെടുക്കുകയല്ലേ കേരളത്തിലെയും തമിഴ്നാട്ടിലെയും രാഷ്ട്രീയ പാർട്ടികൾ? വിശദമാക്കാമോ?

പ്രകൃതിയിലെ മറ്റനേകം ജൈവഘടങ്ങളെ ഘടകങ്ങളെ ആശ്രയിച്ചാണ് വെള്ളം മനുഷ്യന് ലഭ്യമാകുന്നത്. മണ്ണ്, മഴ, വനം, ഭൂഗർഭജലം, പുഴ എന്നിവയെല്ലാം നമുക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുന്നു. ഇതെല്ലാം നിലനിർത്തിയാൽ മാത്രമെ വെള്ളത്തിന്റെ സ്ഥിരമായ ലഭ്യതയും നിലനിർത്താൻ കഴിയുകയുള്ളൂ എന്ന് തിരിച്ചറിയാത്ത സമൂഹമായി നമ്മൾ മാറിയിരിക്കുന്നു. പൈപ്പിലൂടെ വെള്ളം വരുന്നതാണ് നമുക്ക് ജലലഭ്യത. പൈപ്പിലൂടെയും ടാങ്കിലൂടെയും കിട്ടുന്ന വെള്ളത്തിന് പുഴയിലൂടെ വരുന്ന വെള്ളത്തേക്കാൾ മൂല്യം കൽപ്പിക്കുന്നു. പുഴയിലൂടെ വരുന്ന വെള്ളം എത്രയോപേർക്ക്, എത്രയോ ജീവജാലങ്ങൾക്ക് ഉപകാരപ്പെടുന്നു എന്ന് നമ്മൾ ചിന്തിക്കുന്നില്ല. പൈപ്പ് പൊട്ടിയാൽ നമുക്കത് ലീക്ക് ആണ്. ജലനിരക്ഷരതയുടെ ലക്ഷണമാണിതെല്ലാം. വെള്ളത്തിന്റെ ഉപയോഗം എന്താണ് എന്നറിയാത്തതാണ് മറ്റൊരു പ്രശ്നം. കൃഷിചെയ്യാത്തതിനാൽ കൃഷിയുമായും ഉപജീവനവുമായും ബന്ധപ്പെട്ട് വെള്ളത്തെക്കാണുന്നവർ കേരളത്തിൽ കുറവായിരിക്കും. മലയാളികൾ വെള്ളം മുഖ്യമായും കുടിക്കാനുള്ളത്. അതിപ്പോൾ പണം കൊടുത്താൽ കുപ്പിയിൽ കിട്ടും. മുല്ലപ്പെരിയാറിലെ വെള്ളം നാളെ തമിഴ്നാട് കേരളത്തിന് തരാമെന്ന് പറഞ്ഞാൽ നമ്മൾ ആകെ ചെയ്യാൻ പോകുന്നത് അത് ഇടുക്കി ഡാമിൽ കൊണ്ടുപോയി സ്റ്റോർ ചെയ്ത് കറണ്ടുണ്ടാക്കും എന്നതുമാത്രമാണ്. അതിനപ്പുറം നമുക്ക് വെള്ളത്തെക്കുറിച്ച് യാതൊരു ധാരണയുമില്ല. അതുകൊണ്ട് വെള്ളം കേരളത്തിൽ ഒരു രാഷ്ട്രീയ പ്രശ്നമല്ല.

പൈപ്പിൽ വെള്ളം വന്നില്ലെങ്കിൽ വാട്ടർ അതോറിറ്റിക്ക് മുന്നിൽ കുടവുമെടുത്ത് സമരം ചെയ്യുന്നിടത്ത് അവസാനിക്കുന്നു നമ്മുടെ ജലരാഷ്ട്രീയം. ജലസ്രോതസ്സുകൾ നഷ്ടപ്പെട്ടാൽ വാട്ടർ അതോറിറ്റിക്കും വെള്ളം തരാൻ കഴിയില്ല എന്ന കാര്യത്തിലേക്ക് നമ്മുടെ ചിന്ത പോകുന്നില്ല. നമ്മുടെ രാഷ്ട്രീയം അജൈവമാണ് (inorganic politics). മുല്ലപ്പെരിയാർ വിഷയത്തിലെ കേരളത്തിലെ ഇടപെടലുകളിൽ അതാണ് പ്രതിഫലിക്കുന്നത്.

കേരളം മുല്ലപ്പെരിയാറിനെ ഒരു സുരക്ഷാപ്രശ്നം മാത്രമായാണ് കാണുന്നത്. ഡാം ഒരു സുരക്ഷാപ്രശ്നമല്ല. ഡാം പുഴയ്ക്കുണ്ടാക്കിയ നാശം ചർച്ചചെയ്യുമ്പോൾ മാത്രമെ ജലസാക്ഷരതയുണ്ടെന്ന് പറയാൻ കഴിയുകയുള്ളൂ. ഡാം പൊട്ടിയാലുണ്ടാകുന്ന തകരാറുകളെക്കുറിച്ചാണ് നാം ഇപ്പോൾ ചർച്ചചെയ്യുന്നത്. ഡാം കെട്ടിയാലുണ്ടാകുന്ന തകരാറുകളെക്കുറിച്ചുകൂടി പറയേണ്ടേ? ഡാം കുഴപ്പമാണെന്നല്ല, വെള്ളം കുഴപ്പമാണെന്നുള്ള ചിന്തയാണ് ഇപ്പോൾ നടക്കുന്ന കോലഹാലങ്ങൾ കുട്ടികളിലേക്ക് പോലും പകർത്തുന്നത്.

**തമിഴ്നാട്ടിലെ വരൾച്ചാ ബാധിതപ്രദേശത്തിന്റെ അതിജീവനത്തിനായാണ് 116 കൊല്ലം മുമ്പ് മുല്ലപ്പെരിയാർ ഡാം പണിതതും ജലസേചനം തുടങ്ങിയതും. ഇത്രയും വർഷങ്ങൾക്ക് ശേഷവും ജലസേചനാധിഷ്ഠതമായ കൃഷിയുടെയും വിളകളുടെയും കാര്യത്തിൽ ഒരു പുനർചിന്തയ്ക്ക് തയ്യാറാകാതെ തമിഴ്നാട് പഴയ കരാർ പ്രകാരമുള്ള വെള്ളം തന്നെ ആവശ്യപ്പെടുന്നതിൽ അധാർമ്മികതയില്ലേ? തമിഴ്നാടിന് വെള്ളം കൊടുക്കാനായി പുതിയ ഡാം കെട്ടാനൊരുങ്ങുന്ന കേരളത്തിനും അക്കാര്യത്തിൽ ഒന്നും പറയാനില്ലല്ലോ?**

126 വർഷം മുമ്പ് കരാർ ഒപ്പിടുമ്പോൾ ഹമരിതവിപ്ലവമൊന്നും കാർഷിക മേഖലയിൽ വന്നിട്ടില്ല. ഹരിതവിപ്ലവത്തിന് ശേഷം കൃഷിക്ക് ആവശ്യമായി വരുന്ന വെള്ളത്തിന്റെ അളവ് കൂടി. അതൊന്നും ചിന്തിക്കാതെ ആവശ്യപ്പെടുന്നത്രയും വെള്ളം കിട്ടണം എന്ന നിലപാടാണ് തമിഴ്നാട് എപ്പോഴും എടുത്തിട്ടുള്ളത്. ഒരേക്കറിന് വേണ്ടി അന്ന് എത്രവെള്ളം ഉപയോഗിച്ചിരുന്നു എന്നതും ഇന്ന് എത്രവെള്ളം ഉപയോഗിക്കുന്നു എന്നതും കണക്കാക്കേണ്ടതുണ്ട്. കാർഷികരീതി നിയന്ത്രിക്കുന്നതും നിർണ്ണയിക്കുന്നതും ഇന്ന് സർക്കാരും കമ്പോളവുമാണ്. കർഷകനല്ലല്ലോ ഹരിതവിപ്ലവം വേണമെന്ന് തീരുമാനിച്ചത്. രാസവളം ഉപയോഗിക്കുമ്പോൾ കൂടുതൽ വെള്ളം വേണം.

പുതിയ ഡാം പുതിയ കരാർ എന്നതിനപ്പുറം ജലത്തിന്റെ വിനിയോഗത്തെക്കുറിച്ചുള്ള ഇത്തരം ചർച്ചകളെല്ലാം മുല്ലപ്പെരിയാർ പ്രശ്നത്തിന്റെ ഭാഗമായി ഉയർന്നുവരണം. ഡ്രിപ്പ് ഇറിഗേഷൻ പോലെയുള്ള ജലസേചനരീതികൾ പരീക്ഷിക്കുകയാണെങ്കിൽ തമിഴ്നാട് ഇപ്പോൾ ഉപയോഗിക്കുന്നതിന്റെ നാലിൽ ഒന്ന് ശതമാനം വെള്ളം കൊണ്ട് കൃഷി ചെയ്യാൻ കഴിയും. വെള്ളം കിട്ടാതിരിക്കുമ്പോൾ മാത്രമെ അത്തരം തീരുമാനങ്ങളിലേക്ക് ആളുകൾ എത്തുകയുള്ളൂ എന്നൊരു ഗതികേടാണ് നമുക്കുള്ളത്. പുതിയ ഡാം പണിതാൽ ഇപ്പോൾ ഉള്ളതിനേക്കാൾ കൂടുതൽ വെള്ളം തമിഴ്നാടിന് കൊടുക്കാൻ കേരളം തയ്യാറാകേണ്ടി വരും. കൂടുതൽ വിനാശകരമായ കൃഷി രീതിയിലേക്ക് തമിഴ്നാട് പോകും.

**ഡാം പ്രശ്നമാണെന്ന് പറയുന്ന ശബ്ദം ഇത്രയും ദുർബലമായിപ്പോകാനുള്ള കാരണമെന്താണ്?**

ജനങ്ങൾ അതൊന്നും കേൾക്കാൻ താത്പര്യമെടുക്കുന്നില്ല എന്നതാണ് പ്രധാനപ്രശ്നം. മുല്ലപ്പെരിയാറിനെക്കുറിച്ചുള്ള തീരുമാനങ്ങൾ രാഷ്ട്രീക്കാർ മാത്രം കണ്ടെത്തേണ്ടതല്ല. പൊതുസമൂഹവും അവരുടെ അഭിപ്രായം സ്വരൂപിക്കേണ്ടതുണ്ട്. ഡാമിന് അനുമതി



**തുടർച്ചയായ ഭൂചലനങ്ങൾ കൂടി വന്നതോടെ ഡാം കെട്ടിയാലും സുരക്ഷയുണ്ടാകുമെന്ന് മുല്ലപെരിയാറിന് താഴെയുള്ളവർക്ക് ഉറപ്പില്ല. ഫലത്തിൽ സുരക്ഷാപ്രശ്നം ഉന്നയിച്ച് നാട്ടുകാർ തുടങ്ങിയ സമരം ഇപ്പോൾ രാഷ്ട്രീയ പാർട്ടികൾ മുന്നോട്ട് വയ്ക്കുന്ന പുതിയ ഡാം എന്ന പരിഹാരത്തിലൂടെ പരിഹരിക്കപ്പെടണമെന്നില്ല. ആ രീതിയിൽ അവരുടെ സമരം അട്ടിമറിക്കപ്പെട്ടു.**

കിട്ടുമോ എന്നുമാത്രം നേക്കിയിരുന്ന ജനതയാണ് കേരളത്തിലേത്. ജലത്തേക്കുറിച്ചുള്ള ചർച്ച കൾ നടക്കാത്ത സമൂഹത്തിൽ ഡാമിന്റെ പ്രശ്നങ്ങൾ പറയുന്നവർക്ക് എങ്ങനെ പ്രാധാന്യം കിട്ടും? മഴകൂടുതൽ പെയ്താൽ എവിടെയെങ്കിലും അണകെട്ടി കൂടുതൽ കറണ്ടുണ്ടാക്കി വൈകുന്നേരത്തെ പവർക്കെട്ട് ഒഴിവാക്കമെന്ന് ചിന്തിക്കുന്നവരാണ് മലയാളികൾ. എന്തിനാ ഈ മഴയെല്ലാം ഇവിടെ പെയ്യുന്നത്, ഇടുക്കി ഡാമിൽ പോയി പെയ്തിരുന്നെങ്കിൽ കുറച്ച് കറണ്ടെങ്കിലും ഉണ്ടാക്കാമായിരുന്നു എന്ന് എറണാകുളത്ത് മഴ പെയ്യുമ്പോൾ ആളുകൾ പറയുന്നത് ഞാൻ നേരിട്ട് കേട്ടിട്ടുണ്ട്. അത്തരം അജൈവമായ ചിന്തകളുള്ള സമൂഹത്തിൽ ഡാമിനെതിരെയുള്ള ശബ്ദങ്ങൾക്ക് മേൽകൈ കിട്ടില്ല. അവനവന്റെ ജീവിതത്തെ ബാധിക്കുന്ന പ്രതിസന്ധി വരുമ്പോൾ മാത്രമാണ് നമ്മൾ ജൈവസാക്ഷരത പ്രകടിപ്പിക്കുന്നത്, പ്ലാച്ചിമട പോലെ. യഥാർത്ഥത്തിൽ അണക്കെട്ട് ഒരു പ്രശ്നമാണ്, പക്ഷെ അതിവിടെ ഒരു പരിഹാരമായാണ് അവതരിപ്പിക്കപ്പെടുന്നത്. ജലസാക്ഷര നേടുന്നതിലൂടെ മാത്രമെ അണക്കെട്ട് ഒരു പ്രശ്നമാണെന്ന് സമൂഹത്തിന് തിരിച്ചറിയാൻ കഴിയുകയുള്ളൂ. അണക്കെട്ടുണ്ടാക്കുന്ന പ്രശ്നമല്ല ഇപ്പോൾ പറയേണ്ടത്. അണക്കെട്ടിന്റെ പ്രശ്നത്തിൽ നിന്നും തുടങ്ങിയാൽ ഇപ്പോഴത്തെ സാഹചര്യത്തിൽ അത് ശരിയായ അർത്ഥത്തിൽ സംവദിക്കപ്പെടണമെന്നില്ല. അണക്കെട്ട് പരിഹാരമല്ലെന്നാണ് ആദ്യം പറയേണ്ടത്.

**മുല്ലപ്പെരിയാർ പ്രശ്നത്തിന് പരിഹാരം കാണണ**



**മുല്ലപ്പെരിയാർ ഡാമിന് താഴെയുള്ള നാല് പഞ്ചായത്തുകളെമാത്രം ബാധിക്കുന്ന പ്രശ്നമായാണ് അന്നത് പരിഗണിക്കപ്പെട്ടത്. ഇടുക്കി ഡാം പൊട്ടുമെന്നും 35 ലക്ഷം ആളുകൾ ഒലിച്ചുപോകുമെന്നും അന്നാരും പറഞ്ഞിരുന്നില്ല. അതുകൊണ്ട് നാല് പഞ്ചായത്തിലുള്ളവരുടെ മാത്രം സമരമായി ചപ്പാത്തിലെ സമരം തുടർന്നു. എന്നാൽ ഇപ്പോൾ നടക്കുന്ന ചർച്ചകളിൽ നിന്നും സമരം തുടങ്ങിയ ആ നാല് പഞ്ചായത്തിലെ ജനങ്ങൾ ഒഴിവാക്കപ്പെടുന്നു. അവരുടെ ഭീതി വേണ്ടത്ര പരിഗണിക്കപ്പെടുന്നില്ല**

**മെന്ന് ആവശ്യപ്പെട്ട് ചപ്പാത്തിൽ വളരെ വർഷങ്ങളായി ഒരു ജനകീയസമരം രാഷ്ട്രീയ പാർട്ടികളുടെയൊന്നും പിന്തുണയില്ലാതെ നടക്കുന്നുണ്ട്. മുല്ലപ്പെരിയാർ പെട്ടെന്ന് വലിയൊരു പ്രശ്നമായി മാറിയപ്പോൾ ചപ്പാത്തിലെ ആ സമര പന്തലിലേക്ക് വലിയ സമരങ്ങളുമായി രാഷ്ട്രീയപാർട്ടികളും എത്തിത്തുടങ്ങി. പുതിയ ഡാമിന്റെ കാര്യത്തിലെല്ലാം ഒരു പുനർചിന്ത സാധ്യമാകുന്ന തരത്തിൽ രൂപപ്പെടുത്താവുന്ന ജനകീയസമരമായിരുന്നു ചപ്പാത്തിലേത്. എന്നാൽ ഇപ്പോൾ മറ്റ് പല രാഷ്ട്രീയ താത്പര്യങ്ങളാണ് ചപ്പാത്തിലെ അതേ ജനകീയസമരപ്പന്തലിൽ നിന്നും ഉയർന്ന് കേൾക്കുന്നത്. ചപ്പാത്തിലെ ജനകീയസമരം ശരിക്കും അട്ടിമറിക്കപ്പെടുകയല്ലേ?**

അട്ടിമറിക്കപ്പെടുകയാണ് എന്ന് ഞാൻ കരുതുന്നില്ല. കേവലം സുരക്ഷാപ്രശ്നത്തിൽ നിന്നും തുടങ്ങിയ സമരമായിരുന്നു ചപ്പാത്തിലേത്. ജലസാക്ഷരതയിൽ അടിസ്ഥാനമായ സമരമായിരുന്നില്ല. അവർ എന്തെല്ലാം ആവശ്യങ്ങൾ സമരം ചെയ്താലും രാഷ്ട്രീയപാർട്ടികൾ തീരുമാനിക്കാതെ അവരുടെ സമരം പരിഹരിക്കപ്പെടുകയില്ല. ഭരണകൂടത്തിനാണ് പരിഹാരം കാണാൻ കഴിയുന്നത്. രാഷ്ട്രീയപാർട്ടികൾ സമരത്തിലേക്ക് വരേണ്ടത് അവരുടെയും ആവശ്യമാണ്. 142 അടിയായി ജലനിരപ്പ് ഉയർത്തണമെന്ന ചർച്ച നടക്കുമ്പോഴാണ് ചപ്പാത്തിൽ ജനകീയസമരം തുടങ്ങുന്നത്. 142 അടിയായി ജലനിരപ്പ് ഉയർന്നാൽ ഡാം പൊട്ടാൻ സാധ്യതയുണ്ടെന്നും ജീവൻ അപകടത്തിലാകുമെന്നുള്ള ഭീതിയിൽ നിന്നാണ് അവർ സമരം തുടങ്ങിയത്.

മുല്ലപ്പെരിയാർ ഡാമിന് താഴെയുള്ള നാല് പഞ്ചായത്തുകളെ മാത്രം ബാധിക്കുന്ന പ്രശ്നമായാണ് അന്നത് പരിഗണിക്കപ്പെട്ടത്. ഇടുക്കി ഡാം പൊട്ടുമെന്നും 35 ലക്ഷം ആളുകൾ ഒലിച്ചുപോകുമെന്നും അന്നാരും പറഞ്ഞിരുന്നില്ല. അതുകൊണ്ട് നാല് പഞ്ചായത്തിലുള്ളവരുടെ മാത്രം സമരമായി ചപ്പാത്തിലെ സമരം തുടർന്നു. എന്നാൽ ഇപ്പോൾ നടക്കുന്ന ചർച്ചകളിൽ നിന്നും സമരം തുടങ്ങിയ ആ നാല് പഞ്ചായത്തിലെ ജനങ്ങൾ ഒഴിവാക്കപ്പെടുന്നു. അവരുടെ ഭീതി വേണ്ടത്ര പരിഗണിക്കപ്പെടുന്നില്ല. മുല്ലപ്പെരിയാർ പൊട്ടിയാൽ ഇടുക്കി ഡാം പൊട്ടുമോ എന്നും ഇടുക്കിക്ക് താഴെയുള്ള ജനങ്ങളെ എങ്ങനെ രക്ഷിക്കാമെന്നുമാണ് മുഖ്യചർച്ചകൾ. എ.ജി പോലും ഹൈക്കോടതിയിൽ നടത്തിയ വിശദീകരണത്തിൽ ഇടുക്കി ഡാം പൊട്ടുന്നതിനെക്കുറിച്ചാണ് സംസാരിച്ചത്.

ആ രീതിയിൽ പ്രാദേശിക ജനങ്ങൾ ഉന്നയിച്ച കാര്യങ്ങളിൽ നിന്നും ഇപ്പോൾ നടക്കുന്ന രാഷ്ട്രീയ സമരങ്ങൾ വഴിമാറിപ്പോയിട്ടുണ്ടെന്ന് പറയാം. എന്നാൽ തുടർച്ചയായ ഭൂചലനങ്ങൾ കൂടി വന്നതോടെ ഡാം കെട്ടിയാലും സുരക്ഷയുണ്ടാകുമെന്ന് മുല്ലപ്പെരിയാറിന് താഴെയുള്ളവർക്ക് ഉറപ്പില്ല. ഫലത്തിൽ സുരക്ഷാപ്രശ്നം ഉന്നയിച്ച് നാട്ടുകാർ തുടങ്ങിയ സമരം ഇപ്പോൾ രാഷ്ട്രീയ പാർട്ടികൾ മുന്നോട്ട് വയ്ക്കുന്ന പുതിയ ഡാം എന്ന പരിഹാരത്തിലൂടെ പരിഹരിക്കപ്പെടണമെന്നില്ല. ആ രീതിയിൽ അവരുടെ സമരം അട്ടിമറിക്കപ്പെട്ടു എന്ന് പറയാം.


## കേരളീയം വരിസംഖ്യ 240 രൂപ അയയ്ക്കുമല്ലോ...

**വായനക്കാരുടെ പ്രതികരണങ്ങൾ**

അറിയിപ്പുകൾ അഭിപ്രായങ്ങൾ

**എഴുതുക/വിളിക്കുക/അയക്കുക**

കേരളീയം, കൊക്കാലെ, തൃശൂർ-21
ഫോൺ : 0487-2421385,9446576943
e-mail : mailkeraleeyam@gmail.com